**സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(സാന്നിദ്ധ്യം – ഷീബ ജോർജ്ജ് ഐഎഎസ്)**

**തിരുവനന്തപുരം**

**ഉത്തരവ് നമ്പർ ഇ9/23153/17** **തീയതി 20/8/2019**

വിഷയം :- സാമൂഹ്യനീതി വകുപ്പ് –ജീവനക്കാര്യം – 01-01-2001 മുതൽ 13-12-2010 വരെ സർവ്വീസിൽ പ്രവേശിച്ച ഓഫീസ് അറ്റൻഡന്റ്/ വാച്ച് മാൻ തസ്തികയിലെ ജീവനക്കാരുടെ സീനിയോറിട്ടി ലിസ്റ്റ് – ജീവനക്കാരെ ഉൾപ്പെടുത്തി - അന്തിമ ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. സാമൂഹ്യനീതി ഡയറക്ടറുടെ 29/10/2015 ലെ ഇ9/18660/15 നമ്പർ നടപടിക്രമങ്ങൾ
2. സാമൂഹ്യനീതി ഡയറക്ടറുടെ 14/5/2019 ലെ ഇ9/23153/17 നമ്പർ നടപടിക്രമങ്ങൾ
3. അഞ്ചാലുമ്മൂട് ശിശുവികസന പദ്ധതി ഓഫീസറുടെ 27/5/2019 ലെ ICDS/AMD/A1/389/2019 നമ്പർ
4. ഹരിപ്പാട് ശിശു വികസന പദ്ധതി ഓഫീസറുടെ 01-6-2019 ലെ ICDS/HPD/164/12 നമ്പർ കത്ത്

സാമൂഹ്യനീതി വകുപ്പിൽ 01/01/2001 മുതൽ 13/12/2010 വരെ പി.എസ്.സി യുടെ നിയമന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡർ തസ്തികയിൽ നിയമനം ലഭിച്ച് ജോലിയിൽ പ്രവേശിച്ചവരുടെയും, വാച്ച്മാൻ/ വാച്ച് വുമൺ തസ്തികയിൽ നിന്നും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ തസ്തികമാറ്റം അനുവദിക്കപ്പെട്ട ജീവനക്കാരുടെയും അന്തിമ സീനിയോറിട്ടി ലിസ്റ്റ് പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത കാലയളവിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പ്രവേശിച്ച നാല് ജീവനക്കാർ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നാല് ജീവനക്കാരെയും പരാമർശം (1) ലെ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് ഭേദഗതി ഉത്തരവ് പരാമർശം (2) പ്രകാരം പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങൾ ക്ഷണിയ്ക്കുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3), (4) പ്രകാരമുള്ള ആക്ഷേപങ്ങൾ ലഭ്യമായിട്ടുണ്ട്.

2. വാച്ച്മാൻ തസ്തികയിൽ നിന്നും തസ്തികമാറ്റം മുഖേന ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പ്രവേശിച്ച ശ്രീ.സന്തോഷ് കുമാർ.വി, ശ്രീ.ജെ.മഹാദേവൻ നായർ എന്നീ ജീവനക്കാർ സമർപ്പിച്ച ആക്ഷേപങ്ങളാണ് പരാമർശം (3), (4) പ്രകാരം ലഭ്യമായിട്ടുള്ളത്. വാച്ച്മാൻ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ സീനിയോറിട്ടി പുന ക്രമീകരിക്കുന്നതിനാണ് ജീവനക്കാർ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടത്തിന്റെ ചട്ടം 2- ന് താഴെയുള്ള പ്രൊവിസോ പ്രകാരം പൊതുവായ

റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കപ്പെടുന്ന സമാന തസ്തികയിലുള്ള ജീവനക്കാർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ തസ്തികമാറ്റം മുഖേന പുതിയ തസ്തികയിൽ പ്രവേശിക്കുമ്പോൾ ആ തസ്തികയിൽ ജൂനിയറായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമിതരായ ഉത്തരവ് തീയതി പ്രാബല്യത്തിൽ ജീവനക്കാർക്ക് സീനിയോറിട്ടി നൽകിക്കൊണ്ടുള്ള പരാമർശം (2) ലെ താൽക്കാലിക സീനിയോറിട്ടി ലിസ്റ്റിൽ ഭേദഗതി വരുത്തേണ്ടതില്ല. ഈ സാഹചര്യത്തിൽ പരാമർശം (3), (4) പ്രകാരം ലഭിച്ച ആക്ഷേപങ്ങൾ നിരസിക്കുന്നു.

4. ഈ സാഹചര്യത്തിൽ ശ്രീ.വി.സന്തോഷ് കുമാർ, ശ്രീ.ഒ.എൻ മണിയൻ, ശ്രീ.എം.കെ.ജനാർദ്ദനൻ നായർ, ശ്രീ കെ.മഹാദേവൻ നായർ എന്നീ നാല് ജീവനക്കാരെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ തസ്തികമാറ്റം അനുവദിച്ച തീയതി അടിസ്ഥാനപ്പെടുത്തി അർഹതാവിധേയമായി യഥാക്രമം ക്രമ നം 1(എ), 1(ബി), 52(എ), 66(എ) എന്നീ സ്ഥാനങ്ങളിൽ ചുവടെ ചേർക്കും പ്രകാരം ഉൾപ്പെടുത്തി പരാമർശം (1) ഉത്തരവ് ഭേദഗതി വരുത്തി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | | നിയമന നിർദ്ദേശ നമ്പരും തീയതിയും തസ്തികയും | ഈ വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ തസ്തിക മാറ്റ നിയമനം നൽകിയ ഉത്തരവ് നമ്പരും തീയതിയും | സീനിയോറിട്ടി പ്രാബല്യതീയതി | അഭിപ്രായം |
|---|---|---|---|---|---|---|---|---|
| | | | ജനറൽ | സ്പെഷ്യൽ | | | | |
| 1(എ) | ശ്രീ.വി സന്തോഷ് കുമാർ (PEN No. 212200) | 30/5/1970 | B Com | ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ) | GR I(3) 101/97 (5) തീയതി 18/7/97, പി.എസ്.സി കൊല്ലം (വാച്ച്മാൻ തസ്തിക) | ഇ6/5027/2000(1) തീയതി 19/01/2001 | 19/01/2001 (തസ്തികമാറ്റ നിയമന ഉത്തരവ് തീയതി പ്രാബല്യം) | |
| 1 (ബി) | ശ്രീ.ഒ.എൻ മണിയൻ (PEN No. 212954) (31/10/2016 ൽ വിരമിച്ചു.) | 13/10/1960 | SSLC | | E 2(3) 2859/96 തീയതി 25/9/2000 പി.എസ്.സി എറണാകുളം (വാച്ച്മാൻ തസ്തിക) | ഇ6/5027/2000(1) തീയതി 19/01/2001 | 19/01/2001 (തസ്തികമാറ്റ നിയമന ഉത്തരവ് തീയതി പ്രാബല്യം) | |

| | | | | | | | |
|---|---|---|---|---|---|---|---|
| 52 (എ) | ശ്രീ.എം.കെ ജനാർദ്ദനൻ (PEN No. 213553) | 1/4/1964 | SSLC | | MR (II) (2) 1802/96 (15) തിയതി 15/9/2000 പി.എസ്.സി മലപ്പുറം (വാച്ച്മാൻ തസ്തിക) | ഇ6/3986/03 തീയതി 17/01/2004 | 17/01/2004 (തസ്തികമാറ്റ നിയമന ഉത്തരവ് തീയതി പ്രാബല്യം) |
| 66 (എ) | ശ്രീ.ജെ മഹാദേവൻ നായർ (PEN No. 212364) | 14/5/1971 | SSLC | | A1-(2)2348/96 തീയതി 01/11/2000 പിഎസ് സി ആലപ്പുഴ (വാച്ച്മാൻ തസ്തിക) | ഇ6/53/04 ഡിഎസ് ഡബ്ല്യൂ തീയതി 21/05/2004 | 21/5/2004 (തസ്തികമാറ്റ നിയമന ഉത്തരവ് തീയതി പ്രാബല്യം) |

പരാമർശം (1) ലെ ഉത്തരവ് മേൽഭേദഗതികളോടെ നിലനിൽക്കുന്നതാണ്. ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനം അനുവദിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള സാമൂഹ്യനീതി ഡയറക്ടറുടെ 02.02.2017 ലെ ഇ9-36379/16 നമ്പർ സീനിയോറിട്ടി ലിസ്റ്റിന് ഈ അന്തിമ ഭേദഗതി ഉത്തരവ് ബാധകമല്ല.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്(കാര്യാലയമേധാവി മുഖേന)

പകർപ്പ്

1. എല്ലാ കാര്യാലയ മേധാവികൾക്കും
2. സൂപ്രണ്ട്, ഐറ്റി സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
3. ഇ4 സീറ്റ്
4. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്